# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1023

05/03/2018 ൽ മറുപടി പറയേണ്ടിയിരുന്നത്

## ഗൗരി നേഹയുടെ മരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി. പി. അയിഷാ പോറ്റി | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളുടെ നയപരമായ കാര്യങ്ങളിൽ ഇടപെടാനും നിയന്ത്രിക്കാനും വിദ്യാഭ്യാസ വകുപ്പിനുള്ള അധികാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നല്കുന്നതിനായി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃത മായി പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സർക്കാരിന് അധികാരമുണ്ട്. |
| (ബി) | കൊല്ലം ട്രിനിറ്റി ലൈസിയം സ്കൂൾ വിദ്യാർത്ഥിനി ഗൗരി നേഹയുടെ മരണം സംഭവിച്ച കേസിൽ പ്രതികളായ അദ്ധ്യാപികമാരെ ആഘോഷപൂർവ്വം പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ സ്കൂളിൽ സ്വീകരിച്ച സംഭവം ശ്രദ്ധയിൽപെട്ടുവോ; പ്രസ്തുത സംഭവത്തിൽ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതികളായ അദ്ധ്യാപികമാരെ ആഘോഷപൂർവ്വം സ്വീകരിച്ചതു സംബന്ധിച്ച് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ പ്രസ്തുത സ്കൂൾ മാനേജ്മെന്റിനോട് വിശദീകരണം തേടുകയുണ്ടായെങ്കിലും ഈ വിഷയത്തെ വളരെ ലഘൂകരിച്ചും, വിദ്യാഭ്യാസ വകുപ്പിനെ അവഹേളിക്കുന്ന തരത്തിലുമാണ് സ്കൂൾ മാനേജ്മെന്റ് മറുപടി നല്കിയത്. ആയതിനാൽ ടി സ്കൂൾ പ്രവർത്തിക്കുന്നതിന് സർക്കാർ നല്കിയ എൻ.ഒ.സി 2018-19 അദ്ധ്യയന വർഷം മുതൽ പിൻവലിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോ ധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രതികളായ അധ്യാപികമാരെ സ്കൂളിൽ നിന്ന് മാറ്റിനിർത്തണമെന്ന ധാരണയിലാണോ പ്രസ്തുത സംഭവത്തിനു ശേഷം സ്കൂൾ തുറന്നത്; | (സി) | പ്രതികളായ അധ്യാപികമാരെ സ്കൂളിൽ നിന്ന് മാറ്റിനിർത്തണമെന്ന ധാരണയിൽ കൊല്ലം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ പി.റ്റി.എ മീറ്റിംഗിലാണ് സ്കൂൾ തുറക്കുവാൻ തീരുമാനമെടുത്തത്. |
| (ഡി) | പ്രസ്തുത അധ്യാപികമാർ നിലവിൽ സ്കൂളിൽ സേവനം നടത്തുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കുമോ ? | (ഡി) | നിലവിൽ ഉണ്ടായിരുന്ന അദ്ധ്യാപകരെ മാറ്റി നിർത്തുകയോ ഇപ്പോൾ സ്കൂളിൽ സേവനം അനുഷ്ഠിക്കുന്നുണ്ടോ എന്നതു സംബന്ധിച്ച് യാതൊരു രേഖകളും സർക്കാരിൽ ലഭ്യമായിട്ടില്ല. |

Rema. N

സെക്ഷൻ ഓഫീസർ